പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ :5046

27.06.2019 ൽ
മറുപടിക്ക്

## മെട്രോപൊളിറ്റൻ കമ്മീഷണറേറ്റ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ടി.വി. ഇബ്രാഹിം | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് മെട്രോപൊളിറ്റൻ കമ്മീഷണറേറ്റ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;<br>ബി) തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിൽ ജില്ലാ മജിസ്ട്രേറ്റിന്റെ അധികാരത്തോടെ മെട്രോപൊളിറ്റൻ കമ്മീഷണറേറ്റുകൾ സ്ഥാപിക്കുന്നത് ഏതെങ്കിലും പഠനത്തിന്റെയോ റിപ്പോർട്ടിന്റെയോ അടിസ്ഥാനത്തിലാണോ; വിശദമാക്കാമോ;<br>സി) ഇതിന് വേണ്ടി പ്രത്യേക കേഡർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് മറികടക്കാൻ ചെയ്ത കാര്യങ്ങൾ വ്യക്തമാക്കാമോ:<br>ഡി) മെട്രോപൊളിറ്റൻ കമ്മീഷണറേറ്റ് നിലവിൽ വരുമ്പോൾ ജില്ലാ കലക്ടർമാരിൽ നിക്ഷിപ്തമായ മജിസ്ട്രേറ്റിന്റെ അധികാരങ്ങൾ കൈമാറ്റം ചെയ്യുന്നത് ഏത് രീതിയിലെന്ന് വ്യക്തമാക്കാമോ? | എ) യും ബി) യും സി) യും ഡി) യും 23.01.2013 ലെ മന്ത്രിസഭാ തീരുമാനം ഐറ്റം നം. 2919 പ്രകാരം 2011-ലെ കേരള പോലീസ് ആക്ടിലെ 15(2), 15(3), 15(4) എന്നീ സെക്ഷനുകൾ ആധാരമാക്കി തിരുവനന്തപുരത്തും കൊച്ചിയിലും മെട്രോപോളിറ്റൻ പോലീസ് സംവിധാനം ആരംഭിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച നിർദ്ദേശത്തിൽ 2007 ലെ കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ടിലെ 3(2) സെക്ഷൻ പ്രകാരമുള്ള അധികാരം ഒഴിവാക്കി, തിരുവനന്തപുരം/ കൊച്ചി പോലീസ് കമ്മീഷണർക്ക് ജില്ലാ മജിസ്ട്രേറ്റിന്റെ അധികാരത്തോടുകൂടി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റായി നിയമിച്ചു കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു കൊണ്ട് ഈ സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 29.01.2013 ലെ ജി.ഒ. (എം.എസ്.) നം. 29/2013/ആഭ്യന്തരം സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം. കൊച്ചി നഗരങ്ങളിൽ മെട്രോപോളിറ്റൻ പോലീസ് സംവിധാനം കൊണ്ടുവന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ, ഇതു സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നില്ല.<br><br>കമ്മീഷണറേറ്റ് നിലവിൽവരുന്നതോടെ നഗര പരിധിയിലെ കുറ്റാന്വേഷണവും ക്രമസമാധാന പാലനവും കാര്യക്ഷമമാവുകയും കുറ്റകൃത്യം തടയുന്നതിന് നഗരത്തിലെ പോലീസിന് |

അധികാരവും ശക്തിയും കൂടുതൽ ലഭിക്കുന്നു വെന്നതാണ് ഇതിന്റെ സവിശേഷത. ഇതിലൂടെ സാധാരണ നിലയിൽ ക്രമ സമാധാനം നഗരങ്ങളിൽ കൂടുതൽ ഭദ്രമാക്കി നിർത്താനാകും എന്നതാണ് ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനം.

കേന്ദ്രസർക്കാർ 1977 ൽ പോലീസ് സേനയുടെ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നാഷണൽ പോലീസ് കമ്മീഷനെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മീഷൻ 1979 മുതൽ 1981 വരെ 8 റിപ്പോർട്ടുകൾ സമർപ്പിക്കുകയുണ്ടായി. അതിലെ ഒരു പ്രധാന ശിപാർശയാണ് അഞ്ചു ലക്ഷമോ അതിൽക്കൂടുതലോ ജനസംഖ്യയുള്ള നഗര ങ്ങളിൽ പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കണം എന്നത്. ഇതിനു പുറമെ, ബഹു. ജസ്റ്റിസ് കെ.ടി. തോമസ് ചെയർമാനായ കേരള പോലീസ് പെർഫോമൻസ് ആന്റ് അക്കൗണ്ടബിലിറ്റി കമ്മീഷൻ 21.03.2005 ൽ സമർപ്പിച്ച റിപ്പോർട്ടിൽ 3.42 (സി) ശിപാർശ പ്രകാരം തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി നഗരങ്ങളിലെ കമ്മീഷണർ ഓഫീസുകൾ പോലീസ് കമ്മീഷണറേറ്റുകളായി ഉയർത്തി ഡി.ഐ.ജി. റാങ്കിലുള്ള പോലീസ് ഉദ്യോഗ സ്ഥരെ കമ്മീഷണറായി നിയമിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

06.06.2019 ലെ ജി.ഒ (ആർ.ടി) നം. 3230/2019/പൊ.ഭ.വ ഉത്തരവ് പ്രകാരം ഈ നഗരങ്ങളിൽ ഐ.ജി റാങ്കിലുള്ള ഉദ്യോഗ സ്ഥരെ പോലീസ് കമ്മീഷണർമാരായി നിയമിച്ച് ഉത്തരവായിട്ടുണ്ട്.

കേരളത്തിന്റെ സവിശേഷമായ സാഹച ര്യത്തെ കൂടി ഉൾക്കൊണ്ടുകൊണ്ടും പൊതുവായ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്തും കൊണ്ടായിരിക്കും ഏതെല്ലാം അധികാരങ്ങൾ കൈമാറണമെന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുക.

സെക്ഷൻ ഓഫീസർ